**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 57** **08-10-2024 - ൽ മറുപടിയ്ക്ക്**

**സോളാർ എനർജി കോർപ്പറേഷനിൽ നിന്നും വൈദ്യുതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പ്രേംകുമാർ,**<br>**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,**<br>**ശ്രീ. എ. പ്രഭാകരൻ,**<br>**ശ്രീ. ആന്റണി ജോൺ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി**<br>**(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തിനാവശ്യമായ വൈദ്യുതി കുറഞ്ഞ ചെലവിൽ കണ്ടെത്തുകയെന്ന ലക്ഷ്യം കൈവരിക്കുന്നതിനായി നടപ്പാക്കുന്ന കരാറുകളുടെ ഭാഗമായി സോളാർ എനർജി കോർപ്പറേഷനിൽ നിന്നും വൈദ്യുതി വാങ്ങുന്നതിന് ധാരണയായിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. വർദ്ധിച്ചു വരുന്ന വൈദ്യുതി ഉപയോഗം നേരിടുന്നതിനും അധിക വൈദ്യുതി ആവശ്യം വരുന്ന പീക്ക് സമയങ്ങളിലെ വൈദ്യുതി ലഭ്യത ഉറപ്പു വരുത്തുന്നതിനും കെ.എസ്.ഇ.ബി.എൽ കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ സോളാർ എനർജി കോർപ്പറേഷൻ ഓഫ് ഇന്ത്യയുമായി (SECI) 500 മെഗാവാട്ടിന്റെ ദീർഘകാല കരാറിൽ 12.09.2024-നു ഏർപ്പെട്ടിട്ടുണ്ട്. 100 മെഗാവാട്ട് വൈദ്യുതി യൂണിറ്റൊന്നിനു 3.48 രൂപക്കും 400 മെഗാവാട്ട് വൈദ്യുതി യൂണിറ്റൊന്നിനു 3.49 രൂപക്കുമാണ് ലഭ്യമാവുന്നത്. കൂടാതെ അധിക വൈദ്യുതി ആവശ്യം വരുന്ന പീക്ക് സമയങ്ങളിലേക്കു 2 മണിക്കൂർ വരെയും ഈ വൈദ്യുതി ലഭ്യമാകും. |
| (ബി) | പകൽസമയത്ത് കുറഞ്ഞ നിരക്കിൽ ലഭിക്കുന്ന വൈദ്യുതി സംഭരിക്കുന്നതിന് നിലവിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ; | (ബി) | പകൽ സമയത്ത് കുറഞ്ഞ നിരക്കിൽ ലഭിക്കുന്ന വൈദ്യുതി, ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം സജ്ജീകരിച്ചു സംഭരിക്കുവാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) | സോളാർ എനർജി കോർപ്പറേഷന്റെ സഹായത്തോടെ വൈദ്യുതി സംഭരിക്കുന്നതിനായി ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | ഉണ്ട്. മൈലാട്ടി സബ്സ്റ്റേഷനിൽ 100 മെഗാവാട്ട്, ബ്രഹ്മപുരം 50 മെഗാവാട്ട്, പോത്തൻകോട്, അരീക്കോട്, നല്ലളം എന്നീ സബ്സ്റ്റേഷനുകളിൽ 40 മെഗാവാട്ട് വീതം എന്നിങ്ങനെ 270 മെഗാവാട്ട് BESS സ്ഥാപിക്കുന്നതിനുള്ള നടപടികൾ സോളാർ എനർജി കോർപ്പറേഷനുമായി സഹകരിച്ച് കെ.എസ്.ഇ.ബി.എൽ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ